# കേരള കാർഷിക സർവ്വകലാശാല


## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
**Email: cohagmet@kau.in&kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 11/2020(22),വെള്ളിയാഴ്ച** **തീയ്യതി 13.03.2020**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 11.6 മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 34.7 മുതൽ 36.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.5 മുതൽ 25.4 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 87 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 43 മുതൽ 59 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.8 മുതൽ 3.0 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 7.2 മുതൽ 9.3 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.7 മുതൽ 5.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 14.03.2020 | 15.03.2020 | 16.03.2020 | 17.03.2020 | 18.03.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 36 | 36 | 36 | 36 | 36 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 63 | 63 | 63 | 63 | 63 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 12 | 12 | 12 | 12 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 230 | 250 | 250 | 70 |
| മേഘവ്യാപ്തി (ഒക്ട) | 1 | 1 | 2 | 2 | 1 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (കൊയ്ത്തു പരുവം) | . | നെല്ല് കൊയ്ത്തുപരുവത്തിലാണ്. |
| വാഴ | | വരണ്ട കാലാവസ്ഥയിൽ മണ്ണിൽ ബോറോണിന്റെ അഭാവം കാണുന്നതിനാൽ വാഴയിൽ ഒരു ഗ്രാം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| തെങ്ങ് | വെള്ളീച്ച | വരണ്ട കാലാവസ്ഥയിൽ തെങ്ങോലകളിൽ കാണുന്ന വെള്ളീച്ചകളെ നിയന്ത്രിക്കാൻ പ്രകൃതിയിൽ മിത്രകീടങ്ങൾ ഉള്ളതിനാൽ കീടനാശിനിപ്രയോഗം ഒഴിവാക്കുക. വെള്ളീച്ചകളുടെ ആക്രമണം രൂക്ഷമാകുന്നുവെങ്കിൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ ഇലകളിൽ പതിയത്തക്കവണ്ണം തളിച്ച് കൊടുക്കാവുന്നതാണ്. |
| | കരിംപൂപ്പ് | വരണ്ട കാലാവസ്ഥയിൽ തെങ്ങോലകളിൽ കാണുന്ന കരിംപൂപ്പ് തടയുന്നതിനായി കഞ്ഞിവെള്ളം തളിച്ചു കൊടുക്കാവുന്നതാണ്. |
| വെള്ളരി | മത്തൻവണ്ട് | കണി വെള്ളരി നടുന്ന സമയം ആണ്. മത്തൻവണ്ടിനെ നിയന്ത്രിക്കുന്നതിനായി നടുന്ന സമയത്ത് തടങ്ങളിൽ വേപ്പിൻപിണ്ണാക്ക് ഇട്ട് കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | വയറ്റിലുണ്ടാകുന്ന അധിക അമ്ലതയും, ദഹനക്കേടും ഒരു വേനൽക്കാല പ്രശ്നമായതിനാൽ അത് ഒഴിവാക്കാനായി 30 ഗ്രാം സോഡ പൊടിയും ഒരു ടീസ്പൂൺ യീസ്റ്റ് കുതിർത്തതും തീറ്റയിൽ ചേർത്തു ദിവസവും നൽകുക.(CAADECCS,KVASU മണ്ണുത്തി) | |